Subhash.S
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021

09 Ju1 2011

The Secretary
SNDP Sakha No.1122
Kolathukara
Kulathoor
Trivandrum

സർ,

എന്റെ എളിയ കത്ത് സ്വീകരിച്ച് അർഹിക്കുന്ന പരിഗണനയോടെ നടപടി കൈക്കൊൺട് സഹായിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

വസ്തുവിന്റെ പ്രമാണം, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ നമ്പർ, തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ഇവയൊന്നും ഇല്ലാത്ത അനധികൃതമായ പൗൺട്കടവിലെ ഗുരുമന്ദിരമാണ് വിഷയം.

രഹസ്യമായി റോഡരികിൽ പ്ലാസ്റ്റർ ഓഫ് പാരീസ് കൊൺട് നിർമ്മിച്ച ചെറിയ ഒരു ഗുരുദേവ പ്രതിമ കൊൺടുവച്ച് അൽപ ദിവസങ്ങൾക്ക് ശേഷം രാത്രിയിൽ സമീപവസ്തു കൈയ്യേറി നിർമ്മാണപ്രവർത്തനം നടത്തിയതും, ഉദ്ഘാടനത്തിനായി ക്ഷണിക്കപ്പെട്ട സിനിമാതാരം ശ്രീ.തിലകൻ, ഗുരുദേവന്റെ തത്വത്തിന് വിപരീതമായി ഗുരുമന്ദിരം ഉൺടാക്കിയതിനേയും, ജാതിയിലും മതത്തിലും വിശ്വസിക്കാത്ത കലാകാരനായ എന്നെ ജാതിയുടെ അടിസ്ഥാനത്തിൽ ഉദ്ഘാടനത്തിന് ക്ഷണിച്ചതിനേയും, ചാരായം ഉൺടാക്കുന്നവരും കൊടുക്കുന്നവരും കുടിക്കുന്നവരും ആണ് ഇതിന് മുന്നിലിരിക്കുന്ന നിങ്ങളിൽ പലരും എന്നതിനേയും നിശിതമായി വിമർശിച്ച് ഉദ്ഘാടനം നിർവഹിക്കാതെ പോയതും, തുടർന്ന് ഉത്സവത്തിനായി പിരിച്ചെടുത്ത പണം ധൂർത്തടിച്ച ഖജാൻജിക്ക് തീവൺടിക്ക് മുന്നിൽ ചാടി ആത്മഹത്യ ചെയ്യേൺടിവന്നതും, തുടർന്ന് ഗുരുദേവനെ നിന്ദിക്കും വിധമുള്ള അധർമ്മ പ്രവർത്തനങ്ങളും, കണക്കിലെടുത്താൽ, ഗുരുദേവനെ ആരാധിക്കുകയും, ഗുരുദേവന്റെ തത്വങ്ങൾക്ക് മൂല്യം കൽപ്പിക്കുകയും ചെയ്യുന്ന ആർക്കും തന്നെ, ഗുരുദേവന്റെ നാമം ദുരുപയോഗം ചെയ്ത് സ്വാർത്ഥ താൽപര്യങ്ങൾക്ക് വേൺടി മാത്രം തോന്ന്യാസമായി ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന സംഘവുമായി യോജിക്കാൻ കഴിയില്ല.

ബഹുമാനപ്പെട്ട ശ്രീ നാരായണ ധർമ്മ പരിപാലന യോഗം, ശാഖ നമ്പർ 1122, അനധികൃതമായ ഈ ഗുരുമന്ദിരത്തിലെ അധർമ്മ പ്രവർത്തനങ്ങൾക്ക് പിൻതുണനൽകുന്നതായി ആശങ്കപ്പെടുന്നു. ആയതിൽ ഗുരുദേവനെ ആരാധിക്കുന്ന വ്യക്തിയെന്ന നിലയിൽ വളരെയേറെ സങ്കടപ്പെടുകയും ചെയ്യുന്നു.

അഥവാ, ഞാൻ അറിഞ്ഞ ഈ ആശങ്ക ശരിയല്ല, ശ്രീ നാരായണ ധർമ്മ പരിപാലന യോഗം, ഇത്തരം അധർമ്മ പ്രവർത്തനങ്ങൾക്ക് പിൻതുണനൽകുകയില്ല എന്നാണെങ്കിൽ, നിജസ്ഥിതി മറുപടിയായി അറിയാൻ അതിയായി ആഗ്രഹിക്കുന്നു.

Yours truly,

(Subhash.S)